പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 529 04.02.2020 ലെ മറുപടിക്ക്

## കയറും കയറുല്പന്നങ്ങളുടെയും പോഷണത്തിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) അന്താരാഷ്ട്ര വിപണനരംഗത്ത് കയറും കയറുല്പന്നങ്ങളുടെയും പോഷണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുളള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | എ) കയർഫെഡ് അന്താരാഷ്ട്ര വിപണി ലക്ഷ്യമിട്ടുകൊണ്ട് ഒരു ഇ-കൊമേഴ്സ്യൽ പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ സൈറ്റിൽ രജിസ്റ്റർ ചെയ്യുക തുടങ്ങിയ നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br><br>കയർ കോർപ്പറേഷൻ ഓൺലൈൻ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആമസോൺ, ഫ്ളിപ്പ്കാർട്ട്, പെപ്പർഫ്രൈ, ട്രേഡ് ഇന്ത്യ.കോം എന്നീ ഏജൻസികളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. ഡിജിറ്റൽ മാർക്കറ്റിംഗിനായി കമ്പനി ഉല്പന്നങ്ങൾക്ക് ആവശ്യം പോലെ നേരിട്ട് ഓർഡർ നൽകാവുന്ന വെബ്സൈറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഓരോ രാജ്യവുമായിട്ടുള്ള കയറ്റുമതിയിലൂടെ ലഭ്യമായിട്ടുള്ള പ്രതിവർഷ വരുമാനം വാർഷിക ക്രമത്തിൽ ചുവടെ ചേർക്കുന്നു. |

കയർഫെഡ്

| വർഷം | തുക ലക്ഷത്തിൽ | സ്ഥലം |
|---|---|---|
| 2017-18 | 10.00 | കാനഡ |
| 2018-19 | 29.48 | സ്പെയിൻ |
| 2019-20 (T) | 25.86 | ഫ്രാൻസ് |

കയർ കോർപ്പറേഷൻ

| രാജ്യം | 1.04./2016-31.03.2017 (തുക കോടിയിൽ) | 1.04.2017-31.03.2018 (തുക കോടിയിൽ) | 1.04.2018-31.03.2019 (തുക കോടിയിൽ) |
|---|---|---|---|

| | | | |
|---|---|---|---|
| ബ്രസിൽ | 2.82 | 0.96 | 0.82 |
| ആസ്ട്രേലിയ | 0.64 | 1.40 | 1.71 |
| ഗ്വാട്ടിമാല | 0.19 | 0.11 | -- |
| കുവൈറ്റ് | 0.10 | -- | -- |
| യു.എസ്.എ | 0.10 | .17 | 0.41 |
| ഫ്രാൻസ് | 0.41 | 1.57 | 1.85 |
| പോളണ്ട് | 3.00 | 3.53 | 2.58 |
| ഇറ്റലി | 2.90 | 3.40 | 3.80 |
| ആകെ | 10.16 | 11.14 | 11.17 |

കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡും കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സും അവരവരുടെ ഉൽപ്പന്നങ്ങൾ സംബന്ധിച്ച് പരസ്യ പ്രചാരങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാദേശിക ഉത്സവകാലങ്ങളിലും കയർ ഉൽപ്പന്നങ്ങളുടെ വിപണന മേള കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിപ്പിച്ചു വരുന്നു. 2017 ൽ സംസ്ഥാനത്ത് കയർ വികസന വകുപ്പ് നടപ്പിലാക്കിയ കയർ കാർണിവൽ വഴി ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ സർക്കാർ സംഭരിച്ച 10 കോടിയുടെ ഹാന്റ് ലൂം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

2019 ൽ കൽക്കട്ടയിൽ വച്ചു നടന്ന നാചറൽ ഫൈബറുകളുടെ സെമിനാറിൽ കയർഫെഡിൽ നിന്നും കയർ ഡയറക്ടറേറ്റിൽ നിന്നും ഉദ്യോഗസ്ഥർ പങ്കെടുക്കുകയുണ്ടായി. സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ജിയോ ടെക്സ്റ്റെയിൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിൽ എത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർ ഭൂവസ്ത്രം കയർഫെഡിൽ നിന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഓർഡർ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| ബി) കയറുല്പന്നങ്ങളുടെ നിർമ്മാണ രംഗത്ത് പുതിയതായി നടപ്പിലാക്കിയിട്ടുള്ള ആധുനിക സാങ്കേതിക സങ്കേതങ്ങൾ | ബി)കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി താഴെ പറയുന്ന പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും |

| | |
|---|---|
| എന്തെല്ലാമെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>കയർ അക്വസ്റ്റിക് പാനൽ<br>ശബ്ദം നിയന്ത്രിക്കാനായി ജൈവനാരായ കയർ ഉപയോഗിച്ച് അക്വസ്റ്റിക് പാനലുകൾ വികസിപ്പിച്ചെടുക്കുകയുണ്ടായി. തീപിടുത്തത്തെ പ്രതിരോധിക്കാൻ കഴിയുന്ന ഈ ബോർഡുകൾ നിലവിൽ വിപണിയിലുള്ള അക്വസ്റ്റിക് പാനലുകളേക്കാൾ വളരെ ചെലവ് കുറഞ്ഞതും എന്നാൽ വളരെ ഉപയോഗപ്രദവുമായിട്ടുള്ളതാണ്. ശബ്ദം ആഗിരണം ചെയ്യുന്നതിനു പുറമേ ഒരു ഇൻസുലേറ്ററായി പ്രവർത്തിച്ച് താപനില ക്രമീകരിക്കുന്നതിന് സഹായിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.<br><br>കയർ കോമ്പോസിറ്റ്സ്<br>ചകിരിനാരും, പോളിമറും ഉപയോഗിച്ചുകൊണ്ട് മോട്ടോർ വാഹന വ്യവസായത്തിലും റെയിൽവേക്കും ഗാർഹികാവശ്യങ്ങൾക്കും വേണ്ടിയുള്ള കയർ കോമ്പോസിറ്റ്സുകളും വികസിപ്പിക്കുകയുണ്ടായി.<br><br>ബൈൻഡർലെസ് ബോർഡ്<br>തൊണ്ട് ഉപയോഗിച്ച് തടിക്കു പകരം രാസവസ്തുക്കൾ ഒന്നും ഉപയോഗിക്കാതെ കയർ ബോർഡുകൾ ഉത്പ്പാദിപ്പിക്കാമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. പൂർണ്ണമായും പരിസ്ഥിതിയ്ക്ക് അനുയോജ്യമായതും അഗ്നിബാധയെ ചെറുത്തു നിൽക്കാനും ശേഷിയുള്ള വസ്തുവാണ് ബൈൻഡർലെസ് ബോർഡ്.<br>കയർ ജിയോസെൽ<br>ചരിവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കൃഷിക്കനുയോജ്യമാക്കുന്നതിനായി കയർ ജിയോസെൽ വികസിപ്പിക്കുകയുണ്ടായി. അറകളായി നെയ്തെടുത്ത ഇതിൽ മണ്ണ് നിറച്ച് ആവശ്യത്തിന് വളവും ചേർത്ത് ചരിവ്പ്രദേശത്ത് കൃഷിചെയ്യാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.<br><br>മൾച്ചിംഗ് മാറ്റ്<br>വിളകൾക്കിടയിൽ തഴച്ചുവളരുന്ന കളകളെ ഒഴിവാക്കാനായി ചകിരിനാരും റബ്ബറും ജീർണ്ണിക്കുമ്പോൾ പ്രകൃതിക്കും മണ്ണിനും ജലത്തിനും ദോഷമില്ലാത്തവിധമുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് പ്രകൃതിദത്തമായ പുതയിടീൽ വസ്തുക്കൾ പഠനങ്ങൾ വഴി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. |

| | |
|---|---|
| | സംസ്ഥാനത്ത് കയർപിരി മേഖലകളിൽ 10 എഎസ്എം കൾ വീതം അടിസ്ഥാന സൗകര്യം ഏർപ്പെടുത്താൻ കഴിയുന്ന എല്ലാ കയർ സഹകരണ സംഘങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ആലപ്പുഴ, വൈക്കം, കണ്ണൂർ എന്നീ പ്രോജക്ടുകളിലെ സഹകരണ സംഘങ്ങളിൽ ഫാക്ടറിമോഡൽ സംഘങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ജോയിൻറ് വെഞ്ചർ പ്രോജക്ടുകളായി കയർ നീഡിൽ ഫെൽറ്റ്, ബയൻറർലെസ് ബോർഡ്, അകൗസ്റ്റിക് പാനൽ ബോർഡ് എന്നിവ നിർമ്മിക്കുന്നതിന് കയർ വികസന വകുപ്പിന് പദ്ധതി ഉണ്ട്. ആലപ്പുഴയിൽ ബയൻറർലെസ് ബോർഡ് ഫാക്ടറിയുടെ പൈലറ്റ് പ്ലാൻറ് എൻ.സി.ആർ.എം.ഐ. യുടെ സഹായത്തോടെ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി കഴിഞ്ഞു. പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദനം ആരംഭിച്ചതോടെ ലഭ്യമാകുന്ന കയർപിത്ത് (ചകിരിച്ചോറ്) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കുന്നതിനും ബ്രിക്കറ്റ് ചെയ്യുന്നതിനും അനുയോജ്യമാണ്. ഇതിനാവശ്യമായ സാങ്കേതികവിദ്യ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചിട്ടുണ്ട്. |
| സി) സാധാരണക്കാരിലേയ്ക്ക് കയർഫെഡിന്റെ ഉല്പന്നങ്ങൾ എത്തിയ്ക്കുന്നതിന് സഹായകമായി സബ്സിഡികളോ സമാന ഇളവുകളോ പ്രഖ്യാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | സി) നിലവിൽ കയർഫെഡിന് 10% മാർക്കറ്റ് ഡെവലപ്മെൻറ് അസിസ്റ്റൻസ്, മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി കയറും, ചകിരിയും വിൽക്കുന്നതിന് പ്രൈസ് ഫ്ളക്ചേഷൻ സബ്സിഡി, സർവ്വീസ് ചാർജ്ജ് എന്നിവയും മാർക്കറ്റ് വിപുലീകരണത്തിനും, അടിസ്ഥാന സൗകര്യ വികസനത്തിനും, സർക്കാർ ധനസഹായവും ലഭിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**